## പതിമൂന്നാം കേരളനിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം: 212

08.06.2015-ലെ മറുപടിക്ക്

### പരിയാരം പോലീസ് സ്റ്റേഷനിലെ എസ്.ഐ.യ്ക്കെതിരെയുള്ള ആക്രമണം

| ചോദ്യം<br>ശ്രീ. ടി.വി. രാജേഷ് | മറുപടി<br>ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| --- | --- |
| (എ) കണ്ണൂർ ജില്ലയിലെ പരിയാരം പോലീസ് സ്റ്റേഷനിലെ എസ്.ഐ. രാജനെ മണൽമാഫിയ സംഘം ആക്രമിച്ച കേസിൽ പ്രതികളെ കണ്ടെത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഇതുവരെ എത്ര പ്രതികളെ അറസ്റ്റു ചെയ്തു; എത്ര പ്രതികളുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്; വിശദാംശം നൽകുമോ; | (എ) പരിയാരം പോലീസ് സ്റ്റേഷനിലെ ഗ്രേഡ് എസ്.ഐ. രാജനെ മണൽ കടത്തു സംഘം ആക്രമിച്ച കേസിൽ (പരിയാരം പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 531/15) സൈബർ സെല്ലിന്റെ സഹായത്തോടെ പ്രതികളുടെ കോൾ ഡീറ്റയിൽസ് പരിശോധിച്ചും, പ്രത്യേക സ്ക്വാഡ് രൂപീകരിച്ചും അന്വേഷണം നടത്തുകയും, തിരിച്ചറിഞ്ഞ പ്രതികളുടെ വീടുകളിൽ പരിശോധന നടത്തിയും പ്രതികൾ പോകാനിടയുള്ള ബന്ധുക്കളുടെ വീടുകളിലും മറ്റും അന്വേഷണം നടത്തിയും പ്രതികളെ കണ്ടെത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. കേസിൽ ആകെ 11 പ്രതികൾ ഉൾപ്പെട്ടിട്ടുണ്ട്. ഇതിൽ 6 പ്രതികളെ അറസ്റ്റ് ചെയ്തു. പ്രതികളുടെ പേരു വിവരം താഴെ ചേർക്കുന്നു.<br>(1) എം.വി. ലത്തീഫ്, S/o. അഹമ്മദ്, (2) റാഷിദ് ടി.കെ @ തേൾ റാഷിദ്, S/o. ഹംസ, (3) അബ്ദുൾ ഷുക്കൂർ. കെ, S/o. മുഹമ്മദ് കുഞ്ഞി, (4) സജ്ജാദ് എ.സി., S/o. ലത്തീഫ് (5) ആരിഫ്. വി.വി, S/o. അബ്ദു (6) മുഹാസ് സി.ടി, S/o. മുസ്തഫ, (7) സജീർ പി.സി., S/o. മുഹമ്മദ്, മറ്റു കണ്ടാലറിയാവുന്ന 4 പേരും.<br>മേൽ പ്രതികളിൽ ഒന്നാം പ്രതി സംഭവത്തിനു ശേഷം ഒളിവിലാണ്. മറ്റു 6 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. 4 പേരെ തിരിച്ചറിയാനുണ്ട്. |
| (ബി) മണൽ മാഫിയയുടെ ആക്രമണത്തിൽ ഗുരുതരമായി പരിക്കേറ്റ് ആശുപത്രിയിൽ കഴിയുന്ന എസ്.ഐ.യ്ക്ക് എന്തൊക്കെ സഹായങ്ങളാണ് നൽകിയിട്ടുള്ളത്; വിശദാംശം നൽകുമോ; | (ബി) ആക്രമണത്തിൽ ഗുരുതരമായി പരിക്കേറ്റ് ആശുപത്രിയിൽ കഴിയുന്ന ഗ്രേഡ് എസ്.ഐ. ശ്രീ. കെ.എം. രാജന് കേരള പോലീസ് വെൽഫെയർ ബ്യൂറോയിൽ നിന്നും 3 ലക്ഷം രൂപയുള്ള ഡ്രാഫ്റ്റ് കൈമാറിയിട്ടുണ്ട്. |
| (സി) മണൽ മാഫിയയെ നേരിടാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ? | (സി) മണൽ കടത്തുകാരെ നേരിടുന്നതിന് സബ്ബ് ഡിവിഷൻ പരിധിയിലെ അനധികൃത മണൽ കടത്തുന്ന കടവുകളിൽ രാത്രികാലങ്ങളിൽ പരിശോധന കർശനമായി നടത്തി വരുന്നു. കൂടാതെ വാഹന പരിശോധനയും നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ